**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3088** **25-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ താഴെ പറയുന്ന പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.<br><br>1. തീരപ്രദേശങ്ങളിലെ ഫിഷർമെൻ കോളനികളിലെ **വാസയോഗ്യമല്ലാത്ത ഭവനങ്ങളുടെ പുനർനിർമ്മാണം.**<br><br>2. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നീ തീരദേശ ജില്ലകളിലെ തെരഞ്ഞെടുത്ത 9 തീരദേശ മത്സ്യഗ്രാമങ്ങളിൽ ആധുനിക സൗകര്യങ്ങൾ ഒരുക്കുന്ന PMMSY സഹായത്തോടു കൂടിയുള്ള **മാതൃക മത്സ്യഗ്രാമം** പദ്ധതി.<br><br>3. വിദ്യാതീരം പദ്ധതിയിൽ ഉൾപ്പെടുത്തി അസാപിന്റെ സഹായത്തോടുകൂടി മത്സ്യതൊഴിലാളി വിഭാഗത്തിലെ കുട്ടികളുടെ നൈപുണ്യ വികസനത്തിനായി Marine structural Fitter & fabricator, Technician, Rescue Diver എന്നീ കോഴ്സുകളിൽ സ്കിൽ ട്രെയിനിംഗ് പദ്ധതി.<br><br>4. തീരദേശത്തെ 10 ഫിഷറീസ് സ്കൂളുകളിൽ കെ-ഡിസ്കുമായി ചേർന്ന് **YIP (Young Innovator Programme)**.<br><br>5. മത്സ്യത്തൊഴിലാളികൾക്ക് വിവിധ സർക്കാർ പദ്ധതികളെ കുറിച്ചും കടൽ സുരക്ഷയെ കുറിച്ചും ബോധവൽക്കരണം നല്കുന്നതിനായി **അവയർനെസ്സ് ക്യാമ്പുകൾ**. |

6. മത്സ്യഭവൻ തലത്തിൽ **സാമീപ്യം** എന്ന പേരിൽ മത്സ്യഗ്രാമങ്ങളെ ഉൾപെട്ടുത്തി അദാലത്തുകൾ.

7. മത്സ്യതൊഴിലാളി വനിതകളുടെ ശാക്തീകരണതിനായി അവരെ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പുമായി ചേർന്ന് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ വായ്പ അനുവദിക്കുന്ന **സ്നേഹതീരം പദ്ധതി.**

8. ഒരു കുടുംബത്തിൽ ഒരാൾക്ക് തൊഴിൽ ഉറപ്പാക്കുവാൻ കഴിയുന്ന തരത്തിൽ സാഫ് മുഖേന **സൂഷ്മ തൊഴിൽ സംരംഭങ്ങൾ.**

9. മത്സ്യതൊഴിലാളികൾ പിടിച്ചു കൊണ്ട് വരുന്ന മത്സ്യത്തിനു ന്യായ വില ഉറപ്പാക്കുന്നതിനും വിപണന സൗകര്യം ഒരുക്കുന്നതിനും എല്ലാ മത്സ്യബന്ധന തുറമുഖങ്ങളുടെ നടത്തിപ്പിനും പരിപാലനത്തിനും നിരീക്ഷണത്തിനുമായി മത്സ്യതൊഴിലാളികളുടെ കൂടി പങ്കാളിത്തം ഉറപ്പാക്കുന്ന **ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ**.

10. മത്സ്യതൊഴിലാളി വനിതകളുടെ സംരംഭകത്വ ശീലം പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിന്റെ തനതായ മത്സ്യ രുചികൾ ജനസമക്ഷം എത്തിക്കുന്നതിനും **കേരള സീ ഫുഡ് കഫെ** എന്ന പേരിൽ പദ്ധതി.

11. കടലിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിനുമായി എല്ലാ മത്സ്യഗ്രാമങ്ങളിലെയും തീരമേഖലയിൽ **കൃത്രിമ പാര്** സ്ഥാപിക്കുന്ന പദ്ധതി.

12. മത്സ്യതൊഴിലാളി സമൂഹത്തെ മുഖ്യധാരയിൽ എത്തിക്കുന്നതിനും അവരുടെ വൈജ്ഞാനിക കഴിവുക ളുടെയും സാങ്കേതിക നൈപുണ്യ ത്തിന്റെയും അടിസ്ഥാനത്തിൽ തൊഴിലുറപ്പിക്കുന്നതിനുമായി നോളജ് എക്കോണമി മിഷനും ഫിഷറീസ് വകുപ്പും സംയുക്താമായി **തൊഴിൽതീരം** പദ്ധതി.

13. കടലിനെയും കടലോരത്തെയും പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കി സ്വാഭാവിക ആവാസ വ്യവസ്ഥ വീണ്ടെടുത്ത് മത്സ്യസമ്പത്തിന്റെ പുനരുജ്ജീവനത്തിനും മത്സ്യതൊഴിലാളികളുടെ ജീവനോപാധിയായ മത്സ്യസമ്പത്ത് വർദ്ധനവിനും ഉതകുന്ന **ശുചിത്വ സാഗരം സുന്ദര തീരം** പദ്ധതി.

14. കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടുന്നവർക്ക് കടൽ സുരക്ഷയെ സംബന്ധിച്ച്

| | | | |
|---|---|---|---|
| | | | **ബോധവൽക്കരണവും സുരക്ഷ ഉപകരണങ്ങളും.**<br><br>15. മത്സ്യം കേടുകൂടാതെ കരക്കെത്തിച്ച് ഗുണ നിലവാരം നഷ്ടമാകാതെ വിപണനം ചെയ്യുന്നതിന് സഹായകമായ പദ്ധതികൾ.<br><br>16. മത്സ്യബന്ധനത്തിനു നിലവിൽ ഉപയോഗിക്കുന്ന ഇന്ധന ക്ഷമത കുറഞ്ഞ മണ്ണെണ്ണ എഞ്ചിനു പകരം **പെട്രോൾ, LPG എഞ്ചിനുകൾക്ക് ധനസഹായം.**<br><br>17. കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ മുന്നറിയിപ്പ് ഉൾപ്പെടെ ആശയവിനിമയം നടത്താൻ കഴിയുന്ന **ട്രാൻസ്പോണ്ടറുകൾ** കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ **സൗജന്യമായി** നൽകുന്ന പദ്ധതി |
| (ബി) | മത്സ്യത്തൊഴിലാളികളുടെ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കുവാൻ ഒരു സമിതിയെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ